കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്—ജീവനക്കാര്യം—കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്—എസ്. എൽ. ഐ./ജി. ഐ. എസ്. മുൻകാല പ്രീമിയം കിഴിവ് വിവരങ്ങൾ ശേഖരിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്

സ. ഉ. (അച്ചടി) നമ്പർ 30/2017/ധന. തിരുവനന്തപുരം, 2017 മാർച്ച് 5.

---

പരാമർശം:—ഇൻഷ്വറൻസ് ഡയറക്ടറുടെ 24-1-2017-ലെ ഇൻഷ്വ./ഡെവ. വിംഗ്/ഡി. വി. 2-13349/2016 നമ്പർ കത്ത്.

## ഉത്തരവ്

ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനായി എസ്. എൽ. ഐ./ജി. ഐ. എസ്. മുൻകാല പ്രീമിയം കിഴിവ് വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ടെന്നും ആയതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 2019 മാർച്ച് 31-നുള്ളിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന എല്ലാ ജീവനക്കാരുടേയും എസ്. എൽ. ഐ./ജി. ഐ. എസ് മുൻകാല പ്രീമിയം കിഴിവ് സംബന്ധിച്ച വിവരങ്ങൾ പാസ് ബുക്കിൽ രേഖപ്പെടുത്തിയശേഷം അതാത് ഓഫീസിലെ ഡി. ഡി. ഒ. സാക്ഷ്യപ്പെടുത്തി ഇൻഷ്വറൻസ് വകുപ്പിന്റെ ഓഫീസുകളിൽ അടിയന്തിരമായി ഹാജരാക്കുന്നതിന് എല്ലാ ഡി. ഡി. ഒ.-മാർക്കും എസ്. എൽ. ഐ./ജി. ഐ. എസ്. അംഗങ്ങൾക്കും നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സൂചനയിലെ കത്തിലൂടെ ഇൻഷ്വറൻസ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

ഇൻഷ്വറൻസ് ഡയറക്ടറുടെ അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയും അതിൻപ്രകാരം 2019 മാർച്ച് 31-നുള്ളിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന എല്ലാ ജീവനക്കാരുടേയും എസ്. എൽ. ഐ./ജി. ഐ. എസ്. മുൻകാല പ്രീമിയം കിഴിവ് സംബന്ധിച്ച വിവരങ്ങൾ പാസ് ബുക്കിൽ രേഖപ്പെടുത്തിയശേഷം അതാത് ഓഫീസിലെ ഡി. ഡി. ഒ. സാക്ഷ്യപ്പെടുത്തി ഇൻഷ്വറൻസ് വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ അടിയന്തിരമായി ഹാജരാക്കുന്നതിന് എല്ലാ ഡി. ഡി. ഒ.-മാർക്കും എസ്. എൽ. ഐ./ജി. ഐ. എസ്. അംഗങ്ങൾക്കും നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. 2019 മാർച്ച് 31-നുള്ളിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന എല്ലാ ജീവനക്കാരുടെയും ഇപ്രകാരം സാക്ഷ്യപ്പെടുത്തിയ പാസ് ബുക്ക് അതാത് ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ സമർപ്പിച്ചു എന്ന് എല്ലാ ഡി. ഡി. ഒ.-മാരും ഉറപ്പുവരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ. എം. ജാഫർ,

*ജോയിന്റ് സെക്രട്ടറി (ധനകാര്യം).*

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ് എസ് എ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ. എസ്. എ.), കേരളം, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവന്മാർക്കും, ഡി. ഡി. ഒ.-മാർക്കും.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവന്മാർക്കും.

എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും തലവന്മാർക്കും.

എല്ലാ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവന്മാർക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾ

വ്യവസായ വകുപ്പ് (അവരുടെ അധികാരപരിധിയിൽ വരുന്ന അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു.)

ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, ബഹു. കേരള ഹൈക്കോടതി, എറണാകുളം.

എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല മണ്ണുത്തി, തൃശ്ശൂർ.

രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം (എല്ലാ സഹകരണ സ്ഥാപനങ്ങളിലും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു).

സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.

സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും.

നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.

സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ.

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.

സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.

പേഴ്സണൽ അസിസ്റ്റന്റ്, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി (വ്യയം)-യുടെ ഓഫീസ്.

വെബ് ആന്റ് ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

കീഴ്പ്പുറത്ത് നമ്പർ B4/23483/17 dated 9/8/17

മേൽ ചേർത്ത ജി. ഒ. പ്രകാരം താങ്കളുടെ സ്ഥാപനത്തിൽ നിന്നും 2019 മാർച്ച് 31നകത്തിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ SLI / GIS പാസ്സ്ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി DDO സാക്ഷ്യപ്പെടുത്തിയ ശേഷം ജില്ലാ ഇൻഷുറൻസ് ഓഫീസിൽ അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

വകുപ്പിന്റെ കീഴിലുള്ള

എല്ലാ സ്ഥാപനങ്ങൾക്കും